(ബി) ഈ എകാംഗ ട്രഷറി വഴി പെൻഷൻകാർക്ക് പെൻഷൻ വിതരണം നടത്തി വരുന്നു.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ചാലക്കുടി നഗരത്തിൽ സ്ഥാപിച്ച പനമ്പിള്ളി ഗോവിന്ദമേനോന്റെ പൂർണ്ണകായ പ്രതിമ

60 [4780] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരത്തിൽ 'പനമ്പിള്ളി സ്മാരക ട്രസ്റ്റ്' പനമ്പിള്ളി ഗോവിന്ദമേനോന്റെ പൂർണ്ണകായ പ്രതിമ സ്ഥാപിച്ചിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സാമ്പത്തിക വിഷമം നേരിട്ട ട്രസ്റ്റ് സെക്രട്ടറി ശ്രീ. വാസുദേവനുണ്ണിയുടെ സാമ്പത്തിക സഹായത്തിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ സ്വന്തം കിടപ്പാടം വിറ്റ് നാലരലക്ഷത്തിലധികം രൂപ ഇക്കാര്യത്തിനുവേണ്ടി ചെലവിട്ട ട്രസ്റ്റ് സെക്രട്ടറിക്ക് സാമ്പത്തിക സഹായം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ചാലക്കുടി നഗരത്തിൽ പനമ്പിള്ളി ഗോവിന്ദമേനോന്റെ പ്രതിമ സ്ഥാപിക്കുന്നതിനായി പനമ്പിള്ളി സ്മാരക ട്രസ്റ്റിന് 24-2-1994-ലെ ജി.ഒ. (ആർ.റ്റി.) 1418/94/ജി.എ.ഡി. പ്രകാരം 2 ലക്ഷം രൂപ രണ്ടു ഗഡുക്കളായി അനുവദിക്കുകയുണ്ടായി. ഈ തുകയിൽ ആദ്യത്തെ ഗഡുവായ ഒരു ലക്ഷം രൂപ 24-11-1994-ലെ ജി.ഒ.(ആർ.റ്റി.) 9311/94/ജി.എ.ഡി. പ്രകാരം അനുവദിച്ചു. രണ്ടാമത്തെ ഗഡുവായ ഒരു ലക്ഷം രൂപ 12-5-2000-ലെ ജി.ഒ. (ആർ.റ്റി.) 3794/2000/ജി.എ.ഡി. പ്രകാരം അനുവദിച്ചു. ഈ തുകയ്ക്കുള്ള ഡി.ഡി. സെക്രട്ടറി ശ്രീ. വാസുദേവനുണ്ണി കൈപ്പറ്റിയെങ്കിലും ട്രസ്റ്റ് ഭാരവാഹികൾ തമ്മിലുള്ള പ്രശ്നങ്ങൾ നിമിത്തം ഒരു ലക്ഷം രൂപ യഥാസമയം മാറ്റിയെടുക്കാതെ ലാപ്സാകുകയുണ്ടായി. സർക്കാർ അനുവദിച്ച തുകപോലും മാറിയെടുക്കാൻ കഴിയാത്തവിധം ആഭ്യന്തര കലഹം നിലനിൽക്കുന്ന ട്രസ്റ്റിന് ഇനിയും സാമ്പത്തിക സഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കാൻ തല്ക്കാലം നിർവ്വാഹമില്ല. ട്രസ്റ്റിലെ മേൽപ്പറഞ്ഞ കാര്യങ്ങൾ ചൂണ്ടിക്കാട്ടി തനിക്ക് സാമ്പത്തിക സഹായം അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് ശ്രീ. വാസുദേവനുണ്ണി ഫയൽ ചെയ്ത 20538/02 നമ്പർ ഒ.പി. ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്.

കൃഷിവകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക

61 [4785] ശ്രീ. കെ. പി. രാജേന്ദ്രൻ:
" എൻ. രാജൻ:
" പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly